**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** 19/10/216-ൽ മറുപടിയ്ക്ക്.

**ചോദ്യം നമ്പർ 3396**

**ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി വിജയദാസ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.ഒ.ആർ.കേളു<br>ശ്രീ.മുരളി പെരുനല്ലി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവും ഊർജ്ജിതവുമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ക്ഷീര സഹകരണ സംഘങ്ങൾ സഹകരണ നിയമവും ചട്ടവും അനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. സംഘങ്ങളിൽ AMC (Automatic Milk Collection Unit) യൂണിറ്റുകൾ സ്ഥാപിച്ച് പാൽ സംഭരണം, വിതരണം പാലിന്റെ ഗുണമേന്മ എന്നിവയുടെ സുതാര്യത ഉറപ്പുവരുത്തുന്നു. ക്ഷീര സംഘങ്ങളിൽ പരിശോധന കൃത്യമായി നടത്തുകയും സംഘം പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു.നിർജീവമായ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണത്തിനും ഓട്ടോമേഷനും ഉള്ള 19.50 കോടി രൂപയുടെ പദ്ധതി 2016-17 വർഷത്തിൽ നടപ്പിലാക്കുന്നതാണ്. |
| (ബി) ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണത്തിനായി എത്ര രൂപയാണ് നീക്കി വച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) 2016-17 വർഷത്തിൽ ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനിക വൽക്കരണത്തിനായി 19.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന എല്ലാ ക്ഷീരകർഷകർക്കും കാലിത്തീറ്റ സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) സ്വീകരിച്ചിട്ടുണ്ട്.<br>ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ലിറ്ററിന് ഒരു രൂപ നിരക്കിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കർഷകർക്ക് ഇൻ-സെന്റീവ് നൽകുന്നു. മിൽമയുടെ കീഴിലുള്ള മേഖലായൂണിയനുകൾ അവരുടെ പ്രവർത്തന ലാഭത്തിൽ നിന്നും കാലിത്തീറ്റ സബ്സിഡി നൽകി വരുന്നുണ്ട്. 2015-16 കാലയളവിൽ ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് അവരുടെ പ്രവർത്തന ലാഭത്തിൽ നിന്ന് സംഘത്തിനും പാലളക്കുന്ന ക്ഷീരകർഷകർക്കും 84 കോടിയോളം രൂപയുടെ ആനുകൂല്യങ്ങളും കാലിത്തീറ്റ സബ്സിഡിയും ഇൻ-സെന്റീവും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അർഹതയുള്ള മുഴുവൻ ക്ഷീര കർഷകർക്കും ക്ഷീര കർഷക ക്ഷേമനിധിയിൽ നിന്നും പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | ക്ഷീരകർഷക ക്ഷേമനിധിയിൽ അർഹതയുള്ള എല്ലാ ക്ഷീരകർഷകരെയും ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനും , പെൻഷന് അർഹരാകുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ക്ഷേമനിധിയിൽ അംഗത്വം, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്ക് ഓൺ ലൈൻ അപേക്ഷ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.